**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** **30-08-2022 - ൽ മറുപടിയ്ക്ക്**

**മഴയ്ക്ക് മുമ്പുള്ള റോഡ് അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാതയിലും പൊതുമരാമത്ത് റോഡുകളിലും ഉണ്ടാകുന്ന കുഴികളിൽ വീണ് നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുകയും സാരമായി പരിക്കേൽക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | **സമീപ ദിവസങ്ങളിൽ ദേശീയപാതയിലെ കുഴികളിൽ വീണ് യാത്രികരുടെ ജീവൻ നഷ്ടപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. റോഡുകളിൽ കുഴികൾ രൂപപ്പെടുകയും അപകടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നത് ഒഴിവാക്കാൻ വിവിധ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കുന്നുണ്ട്.<br>കേരളത്തിലെ റോഡുകൾ പോട്ട്ഹോൾ ഫ്രീ ആക്കുക എന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.<br><br><u>റണ്ണിംഗ് കോൺട്രാക്ട്</u><br><br>റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച നൂതനപദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പ് വരുത്താൻ നിശ്ചിതസമയത്തേയ്ക്ക് ഒരു കരാറുകാരനെ ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി. റോഡുകളിൽ കുഴികളും മറ്റും ഉണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് ഈ പദ്ധതി. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിലൂടെ 12,332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാദ്ധ്യമായി.<br><br>റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 9210 കി.മീ റോഡുകളിൽ കുഴി അടയ്ക്കുന്നതിന് മഴക്കാല റോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നുണ്ട്.<br><u>ഒപിബിആർസി</u><br><br>കോർ റോഡ് നെറ്റ് വർക്കിൽ ഉൾപ്പെട്ട പ്രധാനപ്പെട്ട റോഡുകളിൽ ഏഴ് വർഷം പരിപാലനം** |

| | | | |
|---|---|---|---|
| | | | **ഉറപ്പാക്കുന്നതിനുള്ള ഒപിബിആർസി പദ്ധതി നടപ്പാക്കുന്നുണ്ട്. നിലവിൽ 283.81 കി.മീ റോഡുകളിലാണ് ഒപിബിആർസി പദ്ധതി നടപ്പിലാക്കുന്നത്.**<br><br>**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി KRFB-PMU വിന്റെ കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ ചെലവഴിക്കുന്നുണ്ട്. കിഫ്ബിയുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചയെ തുടർന്നാണ് കിഫ്ബി അറ്റകുറ്റപ്പണികൾക്ക് തുക വകയിരുത്തിയത്. കനത്ത മഴ ഉണ്ടാകുമ്പോൾ റോഡുകളിലെ തകർച്ച താൽക്കാലികമായി പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക ടാസ്ക്ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനവും ഫലപ്രദമായി മുന്നോട്ടുപോകുന്നു.**<br><br>**KRFB അധീനതയിൽ വരുന്ന റോഡുകളിൽ വിവിധ നഗരപാത വികസനപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ റോഡുകളുടെ പരിപാലനച്ചുമതല ബന്ധപ്പെട്ട കൺസഷണറിൽ നിക്ഷിപ്തമാണ്. ഇത് നിർവഹിക്കുന്നു എന്നും ഉറപ്പാക്കുന്നുണ്ട്.**<br><br>**വിവിധ കുടിവെള്ള പദ്ധതിക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.**<br><br>**പരിപാലന കാലാവധിയിലുള്ള റോഡുകളിൽ DLP വിവരങ്ങൾ പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് പരിപാലനം ഉറപ്പാക്കുന്നതിന് സഹായകരമായി മാറി. റോഡുകളിൽ കുഴികൾ നികത്താനുള്ള ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. എന്നാൽ കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് കാലവർഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ റോഡുകളെ കൂടി ബാധിക്കുന്നുണ്ട്. മഴ കനത്ത് പെയ്യുമ്പോൾ ചില റോഡുകളിൽ പുതുതായി കുഴി രൂപപ്പെടുന്നുണ്ട്. ഇവ നികത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്.** |
| (ബി) | സംസ്ഥാനത്തെ റോഡുകളിൽ മഴയ്ക്ക് മുൻപുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | **പൊതുമരാമത്ത് റോഡുകളിൽ മഴയ്ക്ക് മുൻപുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വന്നിട്ടില്ല.** |

സെക്ഷൻ ഓഫീസർ